പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3325 08-11-2019-ലെ മറുപടിയ്ക്ക്

**കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ. ബഷീർ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ രണ്ടു മഹാപ്രളയങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) & (ബി) | ഉണ്ട്. പ്രകൃതിക്ഷോഭത്തിനായി ഓരോ ജില്ലയ്ക്കും വിവിധ പദ്ധതികൾ പ്രകാരം നൽകിയ തുക അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.<br>2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ. ഫണ്ടും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 19586 കർഷകർക്ക് 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - II ആയി ചേർക്കുന്നു. |
| (ബി) | നഷ്ടപരിഹാരം നൽകുന്നതിനായി കൃഷി വകുപ്പ് ഓരോ ജില്ലയ്ക്കും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഏറനാട് നിയോജകമണ്ഡലത്തിലെ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക്/കർഷക സംഘടനകൾക്ക് നാളിതുവരെയായി നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഏറനാട് നിയോജകമണ്ഡലത്തിൽ 2018 ലെ പ്രകൃതിക്ഷോഭ ഇനത്തിൽ 2230 കർഷകർക്ക് 31305790/- രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഏറനാട് മണ്ഡലത്തിലെ ചാലിയാർ പഞ്ചായത്തിൽ 54 കർഷകർക്ക് 354497/- രൂപ 2018 ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിനു നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്. |
| (ഡി) | പുതുതായി എത്രപേർ നഷ്ടപരിഹാരം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്; അവയിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കി; എത്ര അപേക്ഷകൾ നിരസിച്ചു; വിശദാംശം അറിയിക്കുമോ? | (ഡി) | 2019 ലെ പ്രളയത്തിൽ 1990 പേർ നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. എല്ലാ അപേക്ഷയും സ്വീകരിച്ചിട്ടുണ്ടെങ്കിലും ആർക്കും നഷ്ടപരിഹാരം നൽകിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

( തുക ലക്ഷത്തിൽ)

| ക്രമ നം. | ജില്ല | പ്രകൃതിക്ഷോഭം | വിള ഇൻഷ്വറൻസ് | എസ്.ഡി.ആർ. ഫണ്ട് | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1361.7 | 175.65 | 91.43 | 200 |
| 2 | കൊല്ലം | 453.52 | 17 | 65.97 | 0.57 |
| 3 | പത്തനംതിട്ട | 228.88 | 65 | 297.63 | 200 |
| 4 | ആലപ്പുഴ | 221.1 | 508.24 | 8623.42 | 524.72 |
| 5 | കോട്ടയം | 422.22 | 576.77 | 2901.64 | 175.28 |
| 6 | ഇടുക്കി | 247.73 | 113 | 1001.97 | 1200 |
| 7 | എറണാകുളം | 1351.86 | 84.35 | 1092 | 548.51 |
| 8 | തൃശ്ശൂർ | 1471.13 | 250 | 638.68 | 400.23 |
| 9 | പാലക്കാട് | 416.55 | 202.99 | 1778.25 | 500 |
| 10 | മലപ്പുറം | 2111.74 | 92 | 1243.88 | 438.22 |
| 11 | കോഴിക്കോട് | 705.5 | 83 | 133.18 | 300 |
| 12 | വയനാട് | 1541.32 | 250 | 157.49 | 700 |
| 13 | കണ്ണൂർ | 349.33 | 30 | 81.54 | 153 |
| 14 | കാസർഗോഡ് | 313.83 | 15 | 45.18 | 59.47 |
| | **ആകെ** | **11198.4** | **2463** | **18152.26** | **5400** |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ നം. | ജില്ല | 2019-20 സാമ്പത്തിക വർഷത്തിൽ നൽകിയ തുക (ലക്ഷം) | |
|---|---|---|---|
| | | പ്രകൃതിക്ഷോഭം | വിള ഇൻഷ്വറൻസ് |
| 1 | തിരുവനന്തപുരം | 0.10352 | 502.8 |
| 2 | കൊല്ലം | | 100 |
| 3 | പത്തനംതിട്ട | 0.32891 | 103.1 |
| 4 | ആലപ്പുഴ | 19.37178 | 800.27 |
| 5 | കോട്ടയം | | 70.97 |
| 6 | ഇടുക്കി | 96.80746 | 73.5 |
| 7 | എറണാകുളം | 0.86617 | 284.35 |
| 8 | തൃശ്ശൂർ | | 362.46 |
| 9 | പാലക്കാട് | | 2389.5175 |
| 10 | മലപ്പുറം | | 329.03 |
| 11 | കോഴിക്കോട് | 0.11354 | 285 |
| 12 | വയനാട് | 203.19 | 68.5 |
| 13 | കണ്ണൂർ | | 183.2925 |
| 14 | കാസർഗോഡ് | 50.43179 | 7.21 |
| **ആകെ** | | **371.22** | **5560** |

സെക്ഷൻ ഓഫീസർ